പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്):

(എ) 22.

(ബി) † ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) 19.

(ഡി) കയ്യാലിപ്പാലം, മട്ടാർ പാലം, നെടുമുടിപ്പാലം, തോട്ടപ്പള്ളി, മാരാരിക്കുളം മുതലായ പാലങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

ശ്രീ. ആർ. സുഗതൻ: കയ്യാലിപ്പാലത്തിന്റെ നില എന്താണ്?

ശ്രീ. ടി. അബ്ദുൽ മജീദ്: അതു നാഷണൽ ഹൈവേയിൽപ്പെട്ടതാണെന്ന്.

പുതിയതായി ആരംഭിക്കുന്ന കോടതികൾ.

* 1435. [16] ശ്രീ. ടി. കെ. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഈ മദ്ധ്യവേനലിനുശേഷം കോടതി തുറക്കുമ്പോൾ എവിടെയെല്ലാം പുതുതായി കോടതി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) കുന്നംകുളത്ത് ഒരു മുൻസിഫ്-മജിസ്ട്രേട്ടുകോടതി സ്ഥാപിക്കുന്നതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ):

(എ) തുറക്കുന്ന കാര്യത്തിൽ അവസാന തീരുമാനം എടുത്തിട്ടില്ല.

(ബി) ഇതുവരെ കാര്യമായ നടപടികൾ എടുത്തുകഴിഞ്ഞിട്ടില്ല.

ശ്രീ. കെ. എം. ജോർജ്ജ്: മുമ്പ് ഓരോ ഡിസ്ട്രിക്ടിലേയും എം. എൽ. എ. മാരേയും മറ്റും ഉൾപ്പെടുത്തി ഒരു കമ്മിറ്റി പ്രൊവിഷണലായിട്ട് കോടതികൾ പുതിയതായി തുറക്കുന്നതിനെ സംബന്ധിച്ച് എടുത്തിട്ടുള്ള തീരുമാനം ഇപ്പോഴും നിലവിലിരിക്കുകയാണോ, അതോ ഇനിയും അതു പുനഃപരിശോധന ചെയ്യേണ്ടതായിട്ടുണ്ടോ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ: ആ അഭിപ്രായങ്ങളെല്ലാം ഹൈക്കോടതിക്ക് അയച്ചുകൊടുത്തിരിക്കുകയാണ്. അവരുടെ അഭിപ്രായംകൂടി അറിഞ്ഞതിനുശേഷമാകാം എന്നുവച്ചു നിർദ്ദേശം കാത്തു നിൽക്കുകയാണ്.

സ്കൂൾ പണിചെയ്യുന്നതിനു തടിക്കുവേണ്ടിയുള്ള അപേക്ഷകൾ.

* 1436. [17] ശ്രീ. കെ മൊയ്തീൻകുട്ടി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സഹകരണവുംവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) പ്രൈവറ്റ് സ്കൂൾകൾ പണി ചെയ്യുന്നതിന് സൗജന്യ റേറ്റിൽ സർക്കാരിൽനിന്നും തടി നൽകാറുണ്ടോ;

(ബി) 1957-58 സാമ്പത്തികവർഷത്തിൽ കൊല്ലം ജില്ലയിൽനിന്നും എത്ര മാനേജുമെന്റ് സ്കൂൾകൾ തടിക്കുവേണ്ടി അപേക്ഷകൾ അയച്ചിട്ടുണ്ട്; അതിൽ എത്രപേർക്ക് നൽകി;

(സി) കൊല്ലം ജില്ലയിലുള്ള തഴവാ മുസ്ലീം പ്രൈമറി സ്കൂൾ പണിയുന്നതിന് സൗജന്യറേറ്റിൽ തടിക്ക് അപേക്ഷിച്ചിട്ടുണ്ടായിരുന്നോ; ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തു?

† Vide Appendix I.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) മുമ്പ് കൊടുത്തിരുന്നു ; ഇപ്പോയിടെയായിട്ട് അതു നിറുത്തിയിരിക്കുകയാണ്.

(ബി) മുപ്പത്തേഴ് ; മുപ്പത്തിമൂന്നു സ്കൂളുകൾക്കു നൽകി.

(സി) ഇല്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : അപേക്ഷ അയച്ചിട്ട് രണ്ടു കൊല്ലമായിട്ടും, തഴവാ മുസ്ലീം ഹൈസ്കൂളിനു തുടി കൊടുക്കാത്തതിനു പ്രത്യേകം കാരണം വല്ലതുമുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പ്രത്യേക കാരണമൊന്നുമില്ല. ഏതാണ്ടു രണ്ടു കൊല്ലമായിട്ട് അങ്ങനെ തുടി കൊടുക്കുന്ന സമ്പ്രദായം വേണ്ടെന്നുവച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറയുന്ന സ്കൂളിലെ അപേക്ഷയെ സംബന്ധിച്ച് അനുകൂലമായി പരിഗണിക്കാം.

പിന്നോക്കവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം.

* 1437. [19] ശ്രീ. കെ. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു വിഭാഗം ആളുകളെ പിന്നാക്കവർഗ്ഗക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം എന്തായിരിക്കണമെന്നതിനെ സംബന്ധിച്ച് കേന്ദ്രഗവണ്മെന്റ് ഈ ഗവണ്മെന്റിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് കേരളഗവണ്മെന്റ് കേന്ദ്രഗവണ്മെന്റിന്റെ മുമ്പിൽ വല്ല ശുപാർശയും സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു് എന്താണ് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ) :

(എ) ഉണ്ട്.

(ബി) നിലവിലുള്ള വ്യവസ്ഥകൾ തുടരണമെന്നും ഈ അസംബ്ലിയിൽതന്നെ ഉണ്ടായിട്ടുള്ള അഭിപ്രായം കേന്ദ്രഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : എന്താണ് ആ അഭിപ്രായം ?

ശ്രീ. പി. കെ. ചാത്തൻ : നിലവിലുള്ള വ്യവസ്ഥകൾ അതേപടി തുടരണമെന്നു്.

ശ്രീ. പി. ടി. ചാക്കോ : ഇങ്ങനെ പിന്നാക്കവർഗ്ഗക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തണമെങ്കിൽ എന്തായിരിക്കണം മാനദണ്ഡമെന്നു് അറിയിച്ചിട്ടുണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : ഇന്നു് ഈ സൗജന്യങ്ങൾ നൽകുന്നതിനു് ചില മാനദണ്ഡങ്ങളുണ്ട്. സാമ്പത്തികവും, സാംസ്കാരികവും, സാമൂഹികവുമായ ചില അവശതകൾ ഉള്ളവരെയാണ് ഈ ലിസ്റ്റിൽ ഉൾപ്പെടുത്തുക. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം, റിഫാംസ് കമ്മിഷനിയുടെ അഭിപ്രായത്തെ അടിസ്ഥാനമാക്കി, ആ റിപ്പോർട്ട് ഈ സഭയിൽതന്നെ ചർച്ചയ്ക്കു വരികയുണ്ടായി. അതിന്മേൽ ഇവിടെയുണ്ടായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇന്നു നിലവിലുള്ള മാനദണ്ഡംതന്നെ തുടരാനായിട്ടാണ് അറിയിച്ചിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly